പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3952. 15.12.2014 ൽ മറുപടിയ്ക്ക്.**

**ചരക്കുകൂലിയും യാത്രാക്കൂലിയും കുറയ്ക്കാൻ നടപടി**

| ചോദ്യം<br>ശ്രീ. കെ.അജിത് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | പെട്രോളിയം ഉല്പന്നങ്ങൾക്ക് വില കുറയുന്നുണ്ടെങ്കിലും അതിനനുസരിച്ച് ചരക്കുകൂലിയും യാത്രാക്കൂലിയും കുറയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. പെട്രോൾ / ഡീസൽ വില വർദ്ധനവിന് പുറമെ, സ്പെയർ പാർട്സ്, ടയർ,ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ് എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റ് ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്ത ശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനമെടുക്കുന്നത്. യാത്രാക്കൂലിയിൽ വർദ്ധനവ് വരുത്തിയതിന ശേഷം ഇന്ധനവിലയിൽ കുറവു വന്ന സാഹചര്യത്തിൽ യാത്രാക്കൂലി കുറയ്ക്കുന്നത് സംബന്ധിച്ച കാര്യത്തിൽ അഭിപ്രായം ലഭ്യമാക്കാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചിട്ടില്ല. ഇത്തരം |

| | | | |
|---|---|---|---|
| | | | കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2010 -ൽ രൂപീകൃതമായ ടി കമ്മിറ്റി പ്രവർത്തിച്ചു വരുന്നതിനാൽ കമ്മിറ്റിയുടെ ശുപാർശ ഈ വിഷയത്തിൽ ഒഴിവാക്കാൻ കഴിയുകയില്ല. ചരക്കുകൂലി സർക്കാർ നിശ്ചയിച്ചിട്ടില്ല. |
| (ബി) | വിലകുറയ്ക്കണമെന്നുണ്ടെങ്കിൽ അക്കാര്യം സർക്കാരിന് തീരുമാനിക്കാവുന്നതാണെന്ന് ലോറി ഉടമകൾ പ്രഖ്യാപിച്ചതിനുശേഷവും ചരക്കുകൂലി കുറയ്ക്കാതിരിക്കുന്നത് ജനദ്രോഹപരമാണെന്ന ആക്ഷേപം പരിഗണിക്കുമോ ; | (ബി) | 'എ' പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| (സി) | ചരക്കുകൂലിയും യാത്രക്കൂലിയും കുറയ്ക്കാതിരിക്കുന്നതുമൂലം സ്വകാര്യ ബസുടമകൾക്കും ട്രക്കുടമകൾക്കും വൻലാഭം ലഭിക്കുമെന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് ഇവ രണ്ടും കുറച്ച് ജനങ്ങളെ സഹായിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | പെട്രോൾ / ഡീസൽ എന്നിവയിലെ വിലക്കുറവ് കണക്കാക്കി യാത്രാക്കൂലി കുറയ്ക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുമ്പോൾ യാത്രാക്കൂലി കുറയ്ക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.